"ഭരണഭാഷ-മാതൃഭാഷ"


വനിതാ-ശിശു വികസന വകുപ്പ്

വനിതാ ശിശു വികസന ഡയറക്ടറേറ്റ്-
പൂജപ്പുര ,തിരുവനന്തപുരം

തീയതി: 23-08-2024-..........
ഇമെയിൽ : wcdbillsection@gmail.com -
ഫോൺ : 0471-2346534


**സർക്കുലർ**

വിഷയം: വനിതാ ശിശു വികസന വകുപ്പ് - വയനാട് ഉരുൾ പൊട്ടൽ ദുരന്തം - മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സർക്കാർ ജീവനക്കാർ അഞ്ചു (5) ദിവസത്തിൽ കുറയാത്ത ശമ്പളമോ അതിൽ കൂടുതലോ സംഭാവന ചെയുന്നത് - സംബന്ധിച്ച്

സൂചന: 1) സ.ഉ.(അ)നം70/2024/ധന തീയതി 16/08/24

സംസ്ഥാനത്ത് 2024 ജൂലൈ മാസത്തിൽ വയനാട്ടിൽ ഉരുൾപൊട്ടലിൽ ഉണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും ജില്ലയുടെ പൂർവ്വസ്ഥിതി വീണ്ടെടുക്കുന്നതിനുമായുള്ള പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കോടിക്കണക്കിനു രൂപ ചെലവു പ്രതീക്ഷിക്കുന്നതിനാൽ ബഹു. മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തുക സമാഹാരിക്കുന്നതിന്റെ ഭാഗമായി സർക്കാർ ജീവനക്കാരിൽ നിന്നും അഞ്ച് ദിവസത്തിൽ കുറയാത്ത വേതനമോ അതിൽ കൂടുതലോ ആയ ശമ്പളം ബഹു.മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നൽകുവാൻ സൂചന ഉത്തരവിൽ സർക്കാർ അഭ്യർഥിച്ചിട്ടുണ്ട്.

പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിലെ മാർഗ നിർദേശങ്ങൾ പാലിച്ചു ബഹു. മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ശമ്പളം / പി എഫ് ലോൺ, ലീവ് സറണ്ടർ എന്നിവയിൽ ഏതെങ്കിലും ഒരു മാർഗത്തിലൂടെ ചുരുങ്ങിയത് അഞ്ച് ദിവസത്തിൽ കുറയാത്ത വേതനമോ അതിൽ കൂടുതലോ സംഭാവനയായി നൽകുവാൻ സന്നദ്ധരായിട്ടുള്ള ജീവനക്കാരിൽ നിന്ന് ഇതിനോടൊപ്പം ചേർത്തിട്ടുള്ള സമതപത്രത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ എല്ലാ കീഴ് കാര്യാലയ മേധാവികൾ/ DDO മാർ സ്വീകരിക്കേണ്ടതാണെന്ന് നിർദേശിക്കുന്നു.

8/24 മാസത്തെ ശമ്പളത്തിൽ നിന്ന് സംഭാവന ഈടാക്കുന്നത്

ആരംഭിക്കേണ്ടതാണ്.

ഡയറക്ടറേറ്റിലെ ജീവനക്കാർ ഈ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ഇതിനോടൊപ്പം ചേർത്തിട്ടുള്ള സമ്മതപത്രം **24/08/24 ന് മുൻപായി** ബിൽ സെക്ഷനിൽ ലഭ്യമാക്കേണ്ടതാണ്.

ലീവ് സറണ്ടർ വഴി തുക സംഭാവന ചെയ്യുന്നതിന് സന്നദ്ധരായിട്ടുള്ള ഗസറ്റഡ് ഉദ്യോഗസ്ഥർ ആയതിലേക്കുള്ള സമ്മതപത്രം നൽകിയ ശേഷം **CMDRF**-ലേയ്ക്കു സറണ്ടർ ചെയ്യുന്നതിനുള്ള അവധി അപേക്ഷ ഫിസിക്കലായി ഡയറക്ടറേറ്റിലെ **E** സെക്ഷനിൽ തുടർ നടപടികൾക്കായി നൽകേണ്ടതാണ്. നോൺ ഗസറ്റഡ് ഉദ്യോഗസ്ഥർ ലീവ് സറണ്ടർ സമ്മതപത്രം നൽകിയ ശേഷം **CMDRF**-ലേയ്ക്കു സറണ്ടർ ചെയ്യുന്നതിനുള്ള അവധി അപേക്ഷ **spark** മുഖേന സമർപ്പിക്കേണ്ടതാണ്. പി. എഫ് ലോൺ വഴി സംഭാവന നൽകുന്നവർ സമ്മത പത്രം നൽകിയ ശേഷം **spark** മുഖേന ലോൺ അപേക്ഷ സമർപ്പിക്കേണ്ടതാണ്

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ഉള്ളടക്കം- സൂചന സർക്കാർ ഉത്തരവും സമ്മതപത്രവും

പകർപ്പ്
1.എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും
2. എല്ലാ DDO മാർക്കും
3. ഡയറക്ടറേറ്റിലെ എല്ലാ ആഫീസർമാർക്കും.
4. ഡയറക്ടർ/ അഡീഷണൽ ഡയറക്ടറുടെ CA മാർക്ക്

പകർപ്പ്
സൂപ്രണ്ട് IT : website ൽ നൽകുന്നതിനായി.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - വയനാട് ഉരുൾപൊട്ടൽ ദുരന്തം - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സർക്കാർ ജീവനക്കാരുടെ അഞ്ച് ദിവസത്തിൽ കുറയാത്ത ശമ്പളം നൽകുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (ഫണ്ട്സ്) വകുപ്പ്**

സ.ഉ.(അ)നം.70/2024/ധന തിരുവനന്തപുരം, തീയതി 16-08-2024

---

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത്, 2024 ജൂലൈയിൽ വയനാട്ടിൽ അപ്രതീക്ഷിതമായി ഉണ്ടായ ഉരുൾപൊട്ടൽ വരുത്തി വച്ചിട്ടുള്ള നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും ടി ജില്ലയുടെ പൂർവ്വസ്ഥിതി വീണ്ടെടുക്കുന്നതിനുമായുള്ള പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി കോടിക്കണക്കിന് രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിലേക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പരമാവധി തുക സമാഹരിക്കേണ്ടതായി കാണുന്നു. മേൽ സാഹചര്യത്തിൽ, സാമൂഹിക ഉത്തരവാദിത്വം നിറവേറ്റുന്നവരും സമൂഹത്തിൽ സ്ഥിര വരുമാനം ഉള്ളവരുമായ പ്രധാന വിഭാഗമായ ജീവനക്കാർ എന്നിരിക്കെ, എല്ലാ വിഭാഗം ജീവനക്കാരുടേയും പൂർണ്ണ സഹകരണം CMDRF-ലേയ്ക്ക് ഉള്ള സംഭാവനയുടെ കാര്യത്തിൽ പ്രതീക്ഷിക്കുന്നു എന്നും ആകയാൽ സംസ്ഥാനത്തെ Govt/PSU/Board/University/Aided/LocalBodies/Grant-in-Aid/Commissions/Tribunals/മറ്റ് സർക്കാർ സ്ഥാപനങ്ങൾ തുടങ്ങിയ മേഖലകളിലെ എല്ലാ ജീവനക്കാരും തങ്ങളുടെ അഞ്ച് ദിവസത്തിൽ കുറയാത്ത ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി പ്രതീക്ഷിക്കുന്നതായും, ആയത് നിർബന്ധമല്ലെങ്കിലും ഒരാളും ഇതിൽ നിന്നും വിട്ടു നിൽക്കരുതെന്നും സർക്കാരിന് വേണ്ടി ബഹു. മുഖ്യമന്ത്രി അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെയും മറ്റുള്ളവരുടെയും അഞ്ച് ദിവസത്തിൽ കുറയാത്ത ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി നൽകുന്നത് സംബന്ധിച്ച് സർക്കാർ താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1) എല്ലാ Govt/PSU/Board/University/Aided/Local Bodies/Grant-in-Aid/Commissions/Tribunals/ മറ്റ് സർക്കാർ സ്ഥാപനങ്ങൾ തുടങ്ങിയവയിലെ ജീവനക്കാർക്ക് ഈ നിർദ്ദേശങ്ങൾ ബാധകമാണ്.

2) ഏറ്റവും ചുരുങ്ങിയത് അഞ്ച് ദിവസത്തെ വേതനം സംഭാവനയായി നൽകേണ്ടതാണ്.

3) തുക ഈടാക്കുന്നതിനായി ഈ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിരിക്കുന്ന ഒരു സമ്മത പത്രം ജീവനക്കാരിൽ നിന്നും, ബന്ധപ്പെട്ട ഡി.ഡി.ഒ-മാർ സ്വീകരിച്ചിരിക്കേണ്ടതാണ്.

4) ഇങ്ങനെ ഒടുക്കുന്ന തുക പ്രത്യേകമായി തുറക്കുന്ന ഒരു ട്രഷറി അക്കൗണ്ടിലേക്ക് വരവ് വയ്ക്കേണ്ടതാണ്.

5) ശമ്പള തുക കണക്കാക്കുന്നത് 2024 ആഗസ്റ്റ് മാസത്തെ മൊത്ത ശമ്പളത്തെ അടിസ്ഥാനമാക്കിയാണ്. ടി തുകയുടെ മുപ്പതിലൊന്നായി ഒരു ദിവസത്തെ ശമ്പള തുക (rounded to nearest rupee) കണക്കാക്കേണ്ടതാണ്.

6) 5 ദിവസത്തെ വേതനം സംഭാവന ചെയ്യുന്നവർക്ക് ടി തുക പരമാവധി 3 ഗഡുക്കളായി നൽകാവുന്നതാണ് (1+2+2=5).

7) 5 ദിവസത്തിൽ കൂടുതൽ സംഭാവന ചെയ്യാൻ സന്നദ്ധരാകുന്നവർക്ക് ഒരു മാസം ചുരുങ്ങിയത് 2 ദിവസം എന്ന ക്രമത്തിൽ 10 ഗഡുക്കൾ (അവസാന ഗഡു ഒരു ദിവസത്തെ തുകയും ആകാം) വരെ അനുവദിക്കാവുന്നതാണ്.

8) ശമ്പളത്തിൽ നിന്നും സി.എം.ഡി.ആർ.എഫ്-ലേക്ക് സംഭാവനയായി നൽകുന്ന തുക 2024 സെപ്റ്റംബറിൽ വിതരണം ചെയ്യുന്ന ആഗസ്റ്റ് മാസത്തെ ശമ്പളം മുതൽ കുറവ് ചെയ്യുന്നതാണ്.

9) ജീവനക്കാർക്ക് തങ്ങളുടെ പ്രോവിഡന്റ് ഫണ്ടിൽ നിന്നും സി.എം.ഡി.ആർ.എഫ്-ലേക്ക് തുക അടയ്ക്കാവുന്നതാണ്. അതിനായി എൻ.ആർ.എ/റ്റി.എ-യ്ക്കുള്ള അപേക്ഷ പ്രത്യേകമായി നൽകേണ്ടതാണ്.

10) അഞ്ച് ദിവസമോ അതിൽ കൂടുതലോ സി.എം.ഡി.ആർ.എഫ്-ലേക്ക് സംഭാവന ചെയ്യുന്നവർക്ക് ഈ വർഷത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്ത് പി.എഫ്-ൽ ലയിപ്പിക്കുന്നതിൽ നിന്നോ, പണമായി കൈപ്പറ്റുന്നവർക്ക് ടി തുകയിൽ നിന്നോ, തുക കുറവ് ചെയ്ത് നൽകേണ്ടതും നിലവിലെ ചട്ടങ്ങൾ പ്രകാരം ഉള്ള വാർഷിക പരിധി ബാധകമായിരിക്കുന്നതുമാണ്.

11) ഇപ്രകാരം സറണ്ടർ ചെയ്ത ശേഷം, ചട്ടപ്രകാരം ഉള്ള ബാക്കി ദിവസത്തെ സറണ്ടർ ഈ വർഷം തന്നെ ചെയ്യാവുന്നതുമാണ്.

12) മേൽ നിർദ്ദേശങ്ങൾ പ്രകാരം, ശമ്പളത്തിൽ നിന്നും സി.എം.ഡി.ആർ.എഫ്-ലേക്ക് മാസ ഗഡുക്കൾ പിടിക്കുന്നവർക്ക് ആയത് കഴിയുന്നത് വരെ ജി.പി.എഫ്. വരിസംഖ്യയിൽ നിന്നും, ജീവനക്കാരൻ ആവശ്യപ്പെടുന്ന പക്ഷം തുക കുറയ്ക്കാവുന്നതാണ്.

13) ശമ്പളത്തിൽ നിന്നും ഗഡുക്കൾ പിടിക്കുന്നത് അവസാനിക്കുന്നതുവരെ ജി.പി.എഫ്, റ്റി.എ തിരിച്ചടവ്, ജീവനക്കാരൻ ആവശ്യപ്പെടുന്ന പക്ഷം മരവിപ്പിക്കാവുന്നതാണ്.

14) മേൽ ഓപ്ഷനുകൾ (ശമ്പളം, ലീവ് സറണ്ടർ, പി.എഫ് ലോൺ) കൂട്ടി കലർത്തി സമ്മതം നൽകാനാവില്ലായെന്നും, അഞ്ച് ദിവസത്തെ തുകയിൽ ഇതിനോടകം ഒരു തുക സംഭാവന നൽകിയവർക്ക് ബാക്കി തുക ഈ ഓപ്ഷനുകളിലൂടെ നൽകാനാവില്ലായെന്നും അറിയിക്കാവുന്നതാണ്. അങ്ങനെയുള്ളവർക്ക് ബാക്കി തുക നേരിട്ട് ട്രഷറിയിൽ ഒടുക്കാവുന്നതാണ്.

15) SPARK/G-SPARK/UNI-SPARK കൂടാതെ മറ്റ് pay roll പാക്കേജുകളിൽ ഇത്തരം കിഴിവ് നടത്തി തുക ഒടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. എന്നാൽ ആഗസ്റ്റ് മാസത്തെ ശമ്പള ബില്ല് മാറി കഴിഞ്ഞാൽ പിന്നീട് ഇത് സംബന്ധിച്ച തിരുത്തലുകൾ സാധ്യമാകുന്നതല്ലായെന്നും അറിയിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രബീന്ദ്ര കുമാർ അഗർവാൾ**
**ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജനറൽ & സോഷ്യൽ സെക്ടർ ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇക്കണോമിക് & റവന്യൂ സെക്ടർ ഓഡിറ്റ്) കേരള, തിരുവനന്തപുരം
എല്ലാ വകുപ്പുകൾക്കും
ഡയറക്ടർ, ട്രഷറി
എല്ലാ ജില്ലാ /സബ് ട്രഷറി,
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ, തിരുവനന്തപുരം
സെക്രട്ടറിയേറ്റ്, എല്ലാ വകുപ്പുകളും
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
സർവ്വകലാശാലകൾ, കേരള
അഡ്വക്കേറ്റ് ജനറൽ, എറണാകുളം

എല്ലാ പൊതുമേഖല സ്ഥാപനങ്ങൾക്കും
പ്രിൻസിപ്പൽ സെക്രട്ടറിമാർ, സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ്
സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ
സെക്രട്ടറി, ഗവർണർ
സെക്രട്ടറി, സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ, കേരള, തിരുവനന്തപുരം
പ്രൈവറ്റ് സെക്രട്ടറി, മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ
പ്രൈവറ്റ് സെക്രട്ടറി, സ്പീക്കർ
പ്രൈവറ്റ് സെക്രട്ടറി, ഡെപ്യൂട്ടി സ്പീക്കർ
പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതാവ്
അഡീഷണൽ സെക്രട്ടറി, ചീഫ് സെക്രട്ടറി
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം
സെക്രട്ടറി, കേരള മനുഷ്യാവകാശ കമ്മീഷൻ
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ. ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## സമ്മതപത്രത്തിന്റെ മാതൃക

വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ള സംഭാവനയായി എന്റെ .................. ദിവസത്തെ ശമ്പളത്തിന് തുല്യമായ തുക (മേൽ ഉത്തരവിലെ ഖണ്ഡിക നമ്പർ ...... പ്രകാരം) ചുവടെ സൂചിപ്പിക്കും വിധം നൽകാൻ എനിക്ക് സമ്മതമാണ്.

(2024 സെപ്റ്റംബറിൽ വിതരണം ചെയ്യുന്ന ആഗസ്റ്റ് മാസത്തെ ശമ്പളം മുതൽ),

1. 8/2024: ........... ദിവസം, 9/2024: .......... ദിവസം, 10/2024: .......... ദിവസം, 11/2024: ......... ദിവസം, 12/2024: .......... ദിവസം, 1/2025: ............ ദിവസം, 2/2025: ........... ദിവസം, 3/2025: .......... ദിവസം, 4/2025: ........ ദിവസം, 5/2025: ............... ദിവസം എന്ന ക്രമത്തിൽ ഗഡുക്കളായി പിടിക്കാവുന്നതാണ്.
2. ശമ്പളത്തിൽ നിന്നും മാസഗഡുക്കൾ പിടിക്കുന്നതിനാൽ ആയത് കഴിയുന്നത് വരെ എന്റെ ജി.പി.എഫ്. വരിസംഖ്യയിൽ നിന്നും ............ രൂപ കുറയ്ക്കണം.
3. എന്റെ ശമ്പളത്തിൽ നിന്നും ............... മാസ ഗഡുക്കളായി സി.എം.ഡി.ആർ.എഫ്-ലേക്ക് തുക കുറവ് ചെയ്യാൻ സമ്മതിച്ചതിനാൽ പ്രസ്തുത കാലയളവിലെ എന്റെ പി.എഫ്. റ്റി.എ. വായ്പയുടെ തിരിച്ചടവ് മരവിപ്പിക്കാവുന്നതാണ്.
4. ഈ വർഷത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്ത്, തുക ഞാൻ സി.എം.ഡി.ആർ.എഫ്-ലേക്ക് സംഭാവന ചെയ്യുന്നതാണ്. ആയതിലേക്കുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.
5. എന്റെ പ്രോവിഡന്റ് ഫണ്ടിൽ നിന്നും എൻ.ആർ.എ/റ്റി.എ. ആയി തുക പിൻവലിച്ച് സി.എം.ഡി.ആർ.എഫ്-ലേക്ക് സംഭാവന ചെയ്യുന്നതാണ്. ആയതിലേക്കുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

സ്ഥലം: ജീവനക്കാരന്റെ ഒപ്പ്:

തീയതി: തസ്തിക:

ഓഫീസ്:

## ഓഫീസ് ആവശ്യത്തിന്

മേൽ സമ്മതപത്രത്തിന് അനുസൃതമായ രേഖപ്പെടുത്തലുകൾ സ്പാർക്ക്/..........................സോഫ്റ്റ് വെയറിൽ നടത്തുകയും, .................. ദിവസത്തെ ശമ്പളം/ആർജ്ജിത അവധി സറണ്ടർ/ പ്രൊവിഡന്റ് ഫണ്ട് (TA/NRA) എന്നിവയ്ക്ക് ജീവനക്കാർ അപേക്ഷ നൽകുകയും അതിനനുസരിച്ചുള്ള ബില്ലുകൾ ട്രഷറിയിൽ/ബാങ്കിൽ സമർപ്പിക്കുകയും, ആയത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് CMDRF-Wayanad (799011400007880) അക്കൗണ്ടിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ട് എന്ന് ഉറപ്പാക്കിയിട്ടുണ്ട്.

സ്ഥലം: ഒപ്പ്:

തീയതി: പേര്:

തസ്തിക:

ഓഫീസ്: